"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് - പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുള്ള "സമന്വയ" പദ്ധതി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് 25,000.00/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം.232/2021/തൊഴിൽ** തീയതി,തിരുവനന്തപുരം, 04/02/2021

പരാമർശം:- 1 എംപ്ലോയ്മെന്റ് ഡയറക്ടറുടെ 20/08/2020 ലെ P1/3336/2019/ഡിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമന്വയ പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം 2230-02-101-85 കണക്കു ശീർഷകത്തിൽ 25,000,00/- രൂപ ( ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം ) വകയിരുത്തിയിരുന്നു.

കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സമന്വയ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ കൂടുതലായി നടപ്പിലാക്കുന്നതിന് കഴിയാത്ത സഹചര്യത്തിൽ തിരുവനന്തപരം റീജിയണൽ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എപ്ലോയിമെന്റ് എക്സ്ചേഞ്ചിന്റെ അടിസ്ഥാനസൗകര്യങ്ങൾ നവീകരിച്ച് കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ആരംഭിക്കുന്നതും സമന്വയ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ വകുപ്പിന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്തത്തിലും യഥാവിധി ആരംഭിച്ച് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലന ക്ലാസുകൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും 2020-21 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 25,000,00/- രൂപ ( ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം ) ആയതിനായി ചിലവഴിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും എംപ്ലോയ്മെന്റ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സമന്വയ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ കൂടുതലായി നടപ്പിലാക്കുന്നതിന് കഴിയാത്ത സഹചര്യത്തിൽ തിരുവനന്തപരം റീജിയണൽ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എപ്ലോയിമെന്റ് എക്സ്ചേഞ്ചിന്റെ അടിസ്ഥാനസൗകര്യങ്ങൾ നവീകരിച്ച് കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ആരംഭിക്കുന്നതും സമന്വയ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ വകുപ്പിന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്തത്തിലും യഥാവിധി ആരംഭിച്ച് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലന ക്ലാസുകൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന ആരംഭിക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

പ്രസ്തുത സാഹചര്യത്തിൽ, പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുള്ള 'സമന്വയ' പദ്ധതി നടത്തിപ്പിനായി, 2020-21 സാമ്പത്തിക വർഷം

25,000,00/- രൂപ ( ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം ) ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി "2230-02-101-85" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതും ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വസ്തുവകകളും വാങ്ങുന്നതും സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് സർക്കാർ അംഗീകൃത ഏജൻസി മുഖേനയോ സർക്കാർ സംവിധാനങ്ങൾ വഴിയോ ആയിരിക്കണം .
2. തൊഴിലധിഷ്ഠിത കോഴ്സുകളും നൈപുണ്യ പരിശീലനങ്ങളും നടത്തുന്നതിൽ പ്രാവീണ്യമുള്ള ASAP, KASE, CCEK തുടങ്ങിയ സർക്കാർ ഏജൻസികളുമായി സഹകരിച്ചുകൊണ്ട് സമന്വയപദ്ധതി ഫലപ്രദമായി നടപ്പാക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.ശ്രീകുമാര്**

**അഡിഷണൽ സെക്രട്ടറി**

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by KAVITHA I
Date: 2021.02.04 14:21:04 IST
Reason: Approved

സെക്ഷൻ ഓഫീസർ